**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 233 — 27-02-2017 -ൽ മറുപടിക്ക്

## മാടക്കാൽ ബ്ലക്ക് പാലം നിർമാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം. രാജഗോപാലൻ** | | **ശ്രീ.പിണറായി വിജയൻ (ബഹു: മുഖ്യമന്ത്രി)** |
| എ) | കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ കാലത്ത് അനുവദിച്ചതും തുടർന്ന് യു.ഡി.എഫ് സർക്കാർ കാലത്ത് നിർമ്മാണം പൂർത്തീകരിച്ച് മാസങ്ങൾക്കുള്ളിൽ തകർന്ന് വീണതുമായ മാടക്കാൽ ബ്ലക്ക് പാലം (ദുരന്ത നിവാരണ വകുപ്പ് മുഖേന) പണി പുനരാരംഭിക്കാനോ തകർന്ന അവശിഷ്ടങ്ങൾ പുഴയിൽ നിന്നും നീക്കം ചെയ്യാനോ വകുപ്പ് അധികൃതരുടെ ഭാഗത്ത് നിന്നും നടപടി ഇല്ലാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | എ) | തകർന്ന ബ്ലക്കപാലത്തിന്റെ അവശിഷ്ടങ്ങൾ പുഴയിൽ നിന്നും ഭാഗികമായി നീക്കം ചെയ്തിരുന്നു. പുതിയ പാലം നിർമ്മിച്ചതിന് ശേഷം ശേഷിക്കുന്ന അവശിഷ്ടങ്ങൾ പുഴയിൽ നിന്നും നീക്കം ചെയ്യുവാൻ സമ്മതിക്കുകയുള്ളൂവെന്ന് നാട്ടുകാരിൽനിന്നും പ്രതിഷേധം ഉണ്ടായതിനാൽ നിർമ്മാണ ചുമതല ഉണ്ടായിരുന്ന Kerala Electrical and Allied Engineering Co.Ltd അധികൃതർ തുടർനടപടി നിർത്തിവച്ചു. |
| ബി) | അഴിമതിയും സാങ്കേതികക്കുറവും നിമിത്തം തകർന്നതു സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം പൂർത്തീകരിച്ച് കുറ്റക്കാർക്കെതിരെ നടപടികൾ ഉണ്ടാക്കാനും നിർമ്മാണം പുനരാരംഭിക്കാനും നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ? | ബി) | ഇത് സംബന്ധിച്ച വിജിലൻസ് അന്വേഷണം (വി.സി.3/2014/കെ.എസ്.ഡി. നമ്പരായി) നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ